**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6112** **17-03-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക സൗഹൃദ നടപടികൾ കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ സംരംഭക സൗഹൃദ നടപടികൾ കാര്യക്ഷമമായി പ്രാവർത്തികമാകുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് രാജ്യത്ത് ആദ്യമായി സംസ്ഥാന, ജില്ലാ തലത്തിൽ സിവിൽ കോടതിക്ക് തുല്യമായ അധികാരത്തോടെ ഏർപ്പെടുത്തിയിട്ടുള്ള പരാതിപരിഹാര സംവിധാനത്തെ കുറിച്ച് വിശദമാക്കാമോ; | (എ) | സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 1999 -ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്റ്റ്, (2000 ലെ നിയമം 5) 2022-ൽ ഭേദഗതി (2022-ലെ 19) ചെയ്യപ്പെട്ട പ്രകാരം നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് Grievance Redressal System. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും രൂപീകരിച്ചിട്ടുള്ള പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാതല പരാതി പരിഹാര കമ്മിറ്റിക്കും 10 കോടിക്കു മുകളിൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന പരാതി പരിഹാര കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ജില്ലാ കമ്മിറ്റിയിൽ ജില്ലാ കളക്ടർ അധ്യക്ഷനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമാണ്. സംസ്ഥാന കമ്മിറ്റിയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കൺവീനറുമാണ്. ആക്റ്റ് പ്രകാരമുള്ള സേവനം നൽകുന്നതിൽ എന്തെങ്കിലും വീഴ്ചയോ കാലതാമസമോ ഉണ്ടായതായി പരാതി പരിഹാര കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുകയാണെങ്കിൽ പ്രസ്തുത വിഷയം കമ്മിറ്റിക്ക് പരിശോധിക്കാവുന്നതും ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്. അതുപോലെ മതിയായ കാരണം കൂടാതെ സേവനം നൽകുന്നതിന് |

നിയുക്തനായ ഉദ്യോഗസ്ഥൻ കാലതാമസമോ വീഴ്ചയോ വരുത്തിയിട്ടുണ്ടെന്ന് ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾക്ക് ബോധ്യപ്പെടുന്ന പക്ഷം നിയുക്ത ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തുന്നതിനും ബാധകമായ സർവീസ് ചട്ടങ്ങൾക്ക് കീഴിൽ വകുപ്പ് തല നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് ശുപാർശ ചെയ്യുന്നതിനും ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാതി പരിഹാര സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടലിന്റെ പ്രവർത്തന ഉദ്ഘാടനം 2023 മാർച്ച് 2- ന് നിർവഹിച്ചു.

സർക്കാർ ഉത്തരവായ പ്രകാരം ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള പരാതി പരിഹാര കമ്മിറ്റികളുടെ ഘടന താഴെപ്പറയും പ്രകാരമാണ്.

**ജില്ലാതല പരാതി പരിഹാര കമ്മിറ്റി**

ജില്ലാ കളക്ടർ - ചെയർമാൻ

ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം– കൺവീനർ

റീജിയണൽ ഡയറക്ടർ, നഗരകാര്യം

ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്

ജില്ലാ ലേബർ ഓഫീസർ

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർ

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

ചെയർമാൻ യുക്തമെന്ന് കരുതുന്ന പ്രകാരം അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രകാരമുള്ള വകുപ്പിന്റെ ജില്ലാ തല ഓഫീസർ.

**സംസ്ഥാന പരാതി പരിഹാര കമ്മിറ്റി**

(എ) വ്യവസായ വകുപ്പിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കലിന്റെ ചുമതലയുള്ള സെക്രട്ടറി– ചെയർമാൻ

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യുന്ന വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിയുടെ പദവിക്ക് താഴെയല്ലാത്ത ഉദ്യോഗസ്ഥൻ

(സി) നിയമ സെക്രട്ടറി അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യുന്ന, അഡീഷണൽ സെക്രട്ടറിയുടെ പദവിക്കു താഴെയല്ലാത്ത ഉദ്യോഗസ്ഥൻ

(ഡി) സർക്കാർനിയമിക്കുന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഔദ്യോഗികസ്ഥാനം വഹിച്ചിരുന്ന, സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥൻ

(ഇ) ലാന്റ് റവന്യൂ കമ്മീഷണർ

(എഫ്) ലേബർ കമ്മീഷണർ

(ജി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ചെയർമാൻ

(എച്ച്) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ

(ഐ) ഡയറക്ടർ, ഫാകടറീസ്&ബോയിലേഴ്സ് വകുപ്പ്

(ജെ) വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ - കൺവീനർ

(കെ) ചെയർമാൻ യുക്തമെന്നു കരുതുന്ന പ്രകാരം, അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്നപ്രകാരമുള്ള വകുപ്പിന്റെ സെക്രട്ടറി അല്ലെങ്കിൽ ഡയറക്ടർ

വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിധ്യവത്ക്കരിക്കുന്നതിനോ ആധുനികവത്ക്കരിക്കുന്നതിനോ വിവിധ സംസ്ഥാന നിയമങ്ങൾക്കു കീഴിൽ ആവശ്യമായ ക്ലിയറൻസുകളോ സർട്ടിഫിക്കറ്റുകളോ ലൈസൻസുകളോ പെർമിറ്റുകളോ അനുമതിയോ അതിന്റെ പുതുക്കൽ ലഭിക്കുന്നതിനോ അതിന് ആനുഷംഗീകമായ ഏതെങ്കിലും കാര്യത്തിനോ വേണ്ടി അപേക്ഷ സമർപ്പിച്ച ഒരാൾക്ക് പ്രസ്തുത നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള സമയ പരിധിക്കുള്ളിൽ സേവനങ്ങൾ നൽകുന്നുണ്ടെന്ന് നിരീക്ഷിക്കുന്നതിനും അപ്രകാരമുള്ള ആളുകളുടെ പരാതി കാര്യക്ഷമമായ രീതിയിൽ പരിഹരിക്കുന്നതിനും മതിയായതും ന്യായമായതുമായ കാരണങ്ങൾ കൂടാതെ സമയ പരിധിക്കുള്ളിൽ സേവനം നൽകുന്നതിൽ വീഴ്ചവരുത്തുകയോ കാലതാമസം വരുത്തുകയോ ചെയ്യുന്ന ഒരു നിയുക്ത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുവാനും പരാതിപരിഹാര കമ്മിറ്റിക്ക് അധികാരം ഉണ്ട്.

| | | | |
|---|---|---|---|
| | | | ജില്ലാതല പരാതിപരിഹാര കമ്മിറ്റിക്കും സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റിക്കും 1908 ലെ സിവിൽ നടപടി നിയമ സംഹിത (1908 ലെ 5-ാം കേന്ദ്ര ആക്ട്) പ്രകാരം ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള താഴെ പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.<br><br>(എ) ഏതൊരാളേയും ഹാജരാക്കുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും<br><br>(ബി) രേഖകളും പ്രമാണങ്ങളും കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും<br><br>(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്<br><br>(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനു വേണ്ടി കമ്മീഷൻ അയയ്ക്കുന്നതിന്<br><br>ജില്ലാ സംസ്ഥാനതല പരാതിപരിഹാര സമിതികൾ കുറഞ്ഞത് എല്ലാ മാസവും ഒരു പ്രാവശ്യം ചെയർമാൻ തീരുമാനിക്കുന്ന സമയത്ത് ഓരോ മാസത്തിന്റേയും ആദ്യ പ്രവർത്തി ദിവസം യോഗം ചേരേണ്ടതാണ്. |
| (ബി) | സംരംഭകരുടെ പരാതികൾ നേരിട്ട് മനസ്സിലാക്കുന്നതിന് നടത്തിയ മീറ്റ് ദ മിനിസ്റ്റർ പ്രോഗ്രാം തുടരാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സംരംഭകരുടെ പരാതികൾ നേരിട്ട് മനസ്സിലാക്കുന്നതിന് വ്യവസായ വകുപ്പ് മന്ത്രി നടത്തിയ മീറ്റ് ദ മിനിസ്റ്റർ പരിപാടിയുടെ ഒന്നാംഘട്ടം ഇടുക്കി ജില്ല ഒഴികെയുള്ള എല്ലാ ജില്ലകളിലും നടന്നിട്ടുണ്ട്. |
| (സി) | സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംരംഭക പുരസ്കാരം നൽകാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. സംരംഭകത്വത്തിന്റെ വളർച്ചക്ക് അനുകൂലമായ സൗകര്യങ്ങളൊരുക്കി മികച്ച വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പുരസ്കാരങ്ങൾ നൽകുന്നതിനുള്ള ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | നിലവിൽ തുടരുന്ന നിയന്ത്രണ സംവിധാനങ്ങൾ പരിശോധിച്ച് വ്യവസായ സൗഹൃദാന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് യുക്തമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് നടപടികളുടെ ഭാഗമായി കാലഹരണപ്പെട്ടതും സംരംഭകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിരുന്നതുമായ വിവിധ നിയമങ്ങളും ചട്ടങ്ങളും വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ പരിഷ്കരിക്കുകയും അവയുമായി ബന്ധപ്പെട്ട നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി രാജ്യത്ത് കേരളത്തിന്റെ ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങ് 28-ൽ നിന്നും 15-ലേക്ക് മെച്ചപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ വിവിധ വകുപ്പുകളും |

| | | | |
|---|---|---|---|
| | | | ഏജൻസികളും തങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ